## R1-3270/2018

"ഭരണ ഭാഷ - മാതൃഭാഷ"

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയം,തൃശ്ശൂർ
പിൻ : 680003
ഫോൺ :0487-2361237
ഇ-മെയിൽ :dectsr.exc@kerala.gov.in, dcxtsr@gmail.com
തീയതി :16.08.2021

## Appendix H4

## നോട്ടീസ്

ശ്രീ.മുഹമ്മദ് നിസ്സാർ.എൻ.എച്ച്,സിവിൽ എക്സൈസ് ഓഫീസർ,എക്സൈസ് റേഞ്ച് ഓഫീസ് കുന്ദംകുളം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരളാ സിവിൽ സർവ്വീസുകൾ(തരംതിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ വിശദീകരണം സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 22.06.2021 തീയ്യതിയിലെ ആർ1-3270/2018 നം.പ്രകാരം താങ്കളുടെ ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽ വിലാസത്തിലയച്ചിരുന്നതും ആയത് എൻ.എം.ഹൈദ്രോസ് എന്ന വ്യക്തി കൈപ്പറ്റി എന്ന് രേഖപ്പെടുത്തിയ അക്നോളഡ്ജ്മെന്റ് കാർഡ് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതുമാണ്. ടി അക്നോളഡ്ജ്മെന്റ് കാർഡ് കൈപ്പറ്റിയ തീയ്യതി രേഖപ്പെടുത്തിയിരുന്നില്ലായെങ്കിലും തപാൽ വകുപ്പിന്റെ മുദ്രയിൽ നിന്നും ആയത് 10.07.2021 തീയ്യതിയിൽ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ നാളിതുവരെയായും ടി നോട്ടീസിനുള്ള മറുപടി താങ്കളിൽ നിന്നും രേഖാമൂലം ലഭിച്ചിട്ടുള്ളതല്ല.

ആയതിനാൽ ടി നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയ്യതി മുതൽ 15 ദിവസത്തിനകം താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിന് ലിഖിതമായ മറുപടിയോ വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന് അനുമാനിക്കുന്നതും ടി നോട്ടീസിനനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.ടി കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ ആയത് ലഭിക്കേണ്ടതായ താങ്കളുടെ മേൽവിലാസം നല്കികൊണ്ട് താങ്കൾ നല്കുന്ന അപേക്ഷയിൻമേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

16/8/21

EXCISE DIVISION OFFICE THRISSUR

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
തൃശ്ശൂർ

പകർപ്പ്
ശ്രീ.എൻ.എച്ച്.മുഹമ്മദ് നിസ്സാർ
S/O ഹൈദ്രോസ്
നരിപ്പറ്റയിൽ വീട്
ഊന്നുകൽ പോസ്റ്റ്
നെല്ലിയാമറ്റം വഴി,എറണാകുളം

**R1-3270/2018**

"ഭരണ ഭാഷ - മാതൃഭാഷ"

ഡെപ്യൂട്ടി.എക്സൈസ് കമ്മീഷണറുടെ കാര്യാലയം,തൃശ്ശൂർ
പിൻ : 680003
ഫോൺ :0487-2361237
ഇ-മെയിൽ :dectsr.exc@kerala.gov.in, dcxtsr@gmail.com
തീയതി :22.06.2021

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം-എക്സൈസ് ജീവനക്കാര്യം- അനധികൃത ഹാജരില്ലായ്മ- തൃശ്ശൂർ എക്സൈസ് ഡിവിഷനിലെ കന്ദംകളം എക്സൈസ് റേഞ്ച് ഓഫീസിൽ ലാവണമുള്ള സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എൻ.എച്ച്.മുഹമ്മദ് നിസ്സാറിനെതിരായ അച്ചടക്ക നടപടി-സർക്കാർ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനായിട്ടുള്ള താത്ക്കാലിക തീരുമാനം അറിയിക്കുന്നത്-സംബന്ധിച്ച്

സൂചന-
1. കേരള സർക്കാരിന്റെ 03.10.2002 തീയ്യതിയിലെ ജി.ഒ.(ആർ.ടി) 564/2002/ടി.ഡി നം.ഉത്തരവ്
2. കേരള സർക്കാരിന്റെ 20.11.2007 തീയ്യതിയിലെ ജി.ഒ.(ആർ.ടി) 962/2007/ടി.ഡി നം.ഉത്തരവ്
3. കേരള സർക്കാരിന്റെ 05.10.2012 തീയ്യതിയിലെ ജി.ഒ.(ആർ.ടി) 694/2012/ടി.ഡി നം.ഉത്തരവ്
4. കന്ദംകളം എക്സൈസ് റേഞ്ച് ഇൻസ്പെക്ടറുടെ 31.07.2018 തീയ്യതിയിലെ കെ.01/2018 നം.കത്ത്
5. ഈ ഓഫീസിലെ 3.9.2018 തീയ്യതിയിലെ ആർ1-3270/2018 നം.കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക
6. ഈ ഓഫീസിലെ 01.06.2020 തീയ്യതിയിലെ ആർ1-3270/2018 നം.നടപടിക്രമം
7. തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണറുടെ 12.12.2020 തീയ്യതിയിലെ എ.ഇ.സി ടി.എസ്.ആർ-10/2019 നം. കുറ്റാരോപണ മെമ്മോ,കുറ്റാരോപണ പത്രിക
8. തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണറുടെ 15.01.2021 തീയ്യതിയിലെ എ.ഇ.സി ടി.എസ്.ആർ-10/2019 നം. നോട്ടീസ്
9. തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണറുടെ 10.05.2021 തീയ്യതിയിലെ എ.ഇ.സി ടി.എസ്.ആർ-10/2019 നം. റിപ്പോർട്ട്

ശ്രീ.എൻ.എച്ച്.മുഹമ്മദ് നിസാർ,S/o ഹൈദ്രോസ്,നരിപ്പറ്റയിൽ വീട്,ഊന്നുകൽ പി.ഒ, നെല്ലിയാമറ്റം വഴി,എറണാകുളം ജില്ല, പിൻ-686 693 എന്ന താങ്കളെ അറിയിക്കുന്നത്.

എൻ.എച്ച്.മുഹമ്മദ് നിസാർ എന്ന താങ്കൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിലെ 17.05.2002 തിയതിയിലെ RIV(3)1607/91 നമ്പർ നിയമനോപദേശക്കത്ത് പ്രകാരം തൃശ്ശൂർ അസ്സിസ്റ്റൻറ് എക്സൈസ് കമ്മീഷണറുടെ 16.08.2002 തിയതിയിലെ R1-4360/91 നമ്പർ നിയമന ഉത്തരവ് അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ ചാലക്കുടി എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് ഗാർഡ് ആയി നിയമിതനാവുകയും, 29.08.2002 തിയതി ചാലക്കുടി എക്സൈസ് റേഞ്ച് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് വിദേശത്ത് ജോലിക്ക് പോകുന്നതിനായി KSR Part I Appendix XII A പ്രകാരം സൂചന 1 ഉത്തരവ് അനുസരിച്ച് 05.10.2002 തിയതി മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചു. ടി അവധിയിലിരിക്കെ സൂചന 2 പ്രകാരം 05.10.2007 മുതൽ 04.10.2012 വരെയും, സൂചന 3 പ്രകാരം 05.10.2012 മുതൽ 04.10.2017 വരെയും ശൂന്യവേതനാവധി ദീർഘിപ്പിച്ച് ലഭിച്ചിരുന്നതുമാണ്. അപ്രകാരം 05.10.2002 മുതൽ 04.10.2017 വരെ (15 വർഷം) സൂചന 1,2,3 ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധിയിലായിരുന്ന താങ്കൾ അവധി കാലാവധിക്ക് ശേഷം 05.10.2017 തീയ്യതിയിൽ സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതായിരുന്നെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലായെന്നും, ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവധിക്കായി അപേക്ഷിച്ചിരുന്നില്ലായെന്നും, താങ്കളുടെ ലാവണമുണ്ടായിരുന്ന കുന്നംകുളം എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ സൂചന 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം 05.10.2017 തീയ്യതി മുതൽ താങ്കൾ ജോലിക്ക് അനധികൃതമായി ഹാജരാകാതിരുന്നത് കൃത്യവിലോപവും, അച്ചടക്കലംഘനവുമാണെന്നും ആയതിനെതിരെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും,നിയന്ത്രണവും,അപ്പീലും) റൂൾസ് 1960 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സൂചന 5 പ്രകാരം താങ്കൾക്ക് കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും കുന്നംകുളം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ മുഖാന്തിരം നടത്തിയത് താങ്കളുടെ ഭാര്യ 20.09.2018 തീയ്യതിയിൽ നേരിട്ട് കൈപ്പറ്റിയിട്ടുള്ളതും, തുടർന്ന് സൂചന 5 പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും, പത്രികയും രജിസ്റ്റേഡ് തപാലായി അയച്ചത് 22.11.2018 തീയ്യതിയിൽ താങ്കൾ കൈപ്പറ്റിയതിന്റെ രസീതും ലഭിച്ചിട്ടുള്ളതാണ്. സൂചന 5 പ്രകാരമുള്ള നോട്ടീസ് താങ്കൾ കൈപ്പറ്റി 15 ദിവസത്തിനകം ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നും,അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ മറ്റൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ വിശദീകരണം നല്കാതിരുന്ന താങ്കൾ, 04.10.2017 ന് ശേഷം വ്യക്തിപരവും സാങ്കേതികപരവുമായ ചില കാരണങ്ങളാൽ ജോലിക്ക് ഹാജരാകുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, സൂചന 5-ൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികളിൽ നിന്നും നിരുപാധികം ഒഴിവാക്കിത്തരണമെന്നും,

അവധി നീട്ടി ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ അനുവാദം തരണമെന്നും അപേക്ഷിച്ച് കൊണ്ട് 10.02.2019 തീയ്യതിയായിട്ടുള്ള അപേക്ഷ കന്ദംകളം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർക്ക് നല്കിയിരുന്നതുമാണ്. സൂചന 5 കുറ്റാരോപണ മെമ്മോക്ക് ഉചിതമായ മറുപടി നല്കാതിരുന്നതിനാൽ താങ്കൾക്കെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് 1960 ചട്ടം 15 പ്രകാരമുള്ള ഫോർമൽ എൻക്വറിക്ക് തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണറെ ഫോർമൽ എൻക്വറി ഓഫീസറായി സൂചന 6 ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളതും, സൂചന 6 ഉത്തരവ് താങ്കൾക്ക് രജിസ്റ്റേഡ് തപാലായി അയച്ചു തന്നിട്ടുള്ളതുമാണ്. തുടർന്ന് ഫോർമൽ എൻക്വറി ഓഫീസർ താങ്കൾക്കെതിരെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും,നിയന്ത്രണവും,അപ്പീലും) റൂൾസ് 1960 പ്രകാരമുള്ള പരിഷ്കരിച്ച കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും തയ്യാറാക്കി സൂചന 7 പ്രകാരം താങ്കൾക്ക് രജിസ്റ്റേഡ് തപാലായി അയച്ചത് 19.12.2020 തീയ്യതിയിൽ കൈപ്പറ്റിയതിന്റെ രസീത് തിരികെ ലഭിച്ചിട്ടുള്ളതാണ്. കുറ്റാരോപണ മെമ്മോ കൈപ്പറ്റി 15 ദിവസത്തിനകം പ്രതിവാദ പത്രിക സമർപ്പിക്കണമെന്ന് സൂചന 7 പ്രകാരം നിർദ്ദേശിച്ചിരുന്നെങ്കിലും കുറ്റാരോപിതനായ താങ്കൾ പ്രതിവാദ പത്രികയോ, അപേക്ഷയോ സമർപ്പിച്ചിട്ടില്ലാത്തതിനെത്തുടർന്ന് താങ്കൾക്കെതിരെയുള്ള ഫോർമൽ എൻക്വയറി നടപടികൾ പൂർത്തിയാക്കുന്നതിലേക്കായി താങ്കളോട് 23.01.2021 തിയതി 11 എ.എം. മണിക്ക് ഫോർമൽ എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരാകുന്നതിനായി നിർദ്ദേശിച്ച് സൂചന 8 പ്രകാരം നല്കിയ നോട്ടീസ് താങ്കൾ 17.01.2021 തിയതിയിൽ നേരിട്ട് കൈപ്പറ്റിയെങ്കിലും താങ്കൾ നേരിട്ട് ഹാജരാകാതിരുന്നിട്ടുള്ളതും, ഹാജരാകാതിരുന്നതിന് രേഖാമൂലം കാരണമറിയിച്ചിട്ടില്ലാത്തതുമാണ്. 29.08.2002 മുതൽ 04.10.2002 തീയ്യതി വരെ 36 ദിവസം മാത്രം സർക്കാർ സർവ്വീസിലുണ്ടായിരുന്ന താങ്കളുടെ സർക്കാർ സർവ്വീസിലെ നിയമനം നാളിതുവരെ റെഗുലറൈസ് ചെയ്യിട്ടില്ലാത്തതും, പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ താങ്കൾ നിയമപരമായി അനുവദിച്ച ശൂന്യവേതനാവധി 04.10.2017 തീയ്യതിയിലവസാനിച്ച ശേഷം 05.10.2017 തീയ്യതി മുതൽ ജോലിയിൽ തിരികെ പ്രവേശിക്കാതിരുന്നതും, യാതൊരുവിധ അവധി അപേക്ഷയും സമർപ്പിക്കാതെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതും ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും, അവധി അനുവദിച്ച KSR Part I Appendix XII A-ലെ വ്യവസ്ഥകളുടെ ലംഘനവുമാണ്.

ഇപ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനെതിരെയുള്ള അച്ചടക്ക നടപടികളുടെ ഭാഗമായി പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും കൈപ്പറ്റിയിട്ടും ചുമത്തപ്പെട്ട കുറ്റങ്ങൾക്കെതിരെ താങ്കൾ പ്രതിവാദ പത്രികയോ, അപേക്ഷയോ സമർപ്പിക്കാതിരുന്നത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയിൽ താങ്കളുടെ അനുസരണകേടായി കണ്ടുകൊണ്ടും, ഫോർമൽ എൻക്വയറിയുടെ ഭാഗമായി താങ്കളുടെ ഭാഗം നേരിട്ട് പറയുവാൻ അവസരം നല്കിയിട്ടും ആയതിന് ഫോർമൽ എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരാകാതിരുന്നതും, കാരണം ബോധിപ്പിക്കാതിരുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമായി കണ്ടുകൊണ്ടും, താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നിട്ടുള്ളതുൾപ്പെടെ കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും ആരോപിക്കുന്ന കുറ്റങ്ങൾ തെളിഞ്ഞിട്ടുള്ളതായി സൂചന 9 പ്രകാരം ഫോർമൽ എൻക്വയറി ഓഫീസറായ തൃശ്ശൂർ

അസി.എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ താങ്കളിൽ ചുമത്തപ്പെട്ട കുറ്റങ്ങൾക്കെതിരായി താങ്കൾക്കൊന്നും തന്നെ ബോധിപ്പിക്കാനില്ലാത്തതിനാലും, അവധി അവസാനിച്ച ശേഷം 05.10.2017 തീയ്യതി മുതൽ നാളിതുവരെ 3 വർഷം,8 മാസം,18 ദിവസം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാലും താങ്കൾ സർക്കാർ സർവ്വീസിൽ തുടരാൻ തല്പരനല്ലായെന്ന് ബോധ്യപ്പെട്ട് താങ്കൾക്കെതിരെ KSR Part I Appendix XII A ചട്ടം 9 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും, കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും,നിയന്ത്രണവും,അപ്പീലും) റൂൾസ് 1960 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഫോർമൽ എൻക്വയറി ഓഫീസറായ തൃശ്ശൂർ അസി.എക്സൈസ് കമ്മീഷണർ സൂചന 9 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കന്ദംകുളം എക്സൈസ് റേഞ്ച് ഓഫീസിൽ ലാവണമുള്ള സിവിൽ എക്സൈസ് ഓഫീസറായ ശ്രീ.എൻ.എച്ച്.മുഹമ്മദ് നിസ്സാർ എന്ന താങ്കളുടെ കേരള സംസ്ഥാന എക്സൈസ് വകുപ്പിലെ സേവനം 05.10.2017 തീയ്യതി പ്രാബല്യത്തിൽ വച്ച് അവസാനിപ്പിക്കുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകാതിരിക്കുവാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റിയോ, അല്ലെങ്കിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകമോ ചുവടെ ഒപ്പു വച്ചിരിക്കുന്ന വ്യക്തിയെ നേരിൽകണ്ട് ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഒന്നുംതന്നെ ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ സർവ്വീസിൽ നിന്നും താങ്കളെ പിരിച്ചുവിട്ടതായി എടുത്ത താത്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

EXCISE DIVISION OFFICE THRISSUR

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
തൃശ്ശൂർ

ഗ്രാഹകൻ- വ്യക്തിഗതം

<u>പകർപ്പ് സമർപ്പിക്കുന്നത്-</u>

1.എക്സൈസ് കമ്മീഷണർ(ഉപരിപത്രം സഹിതം)
2.അഡീ. എക്സൈസ് കമ്മീഷണർ(ഭരണം)(ഉപരിപത്രം സഹിതം)

<u>പകർപ്പ്</u>

1.അസി.എക്സൈസ് കമ്മീഷണർ,തൃശ്ശൂർ
2.എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് റേഞ്ച് ഓഫീസ്, കന്ദംകുളം
3.സ്റ്റോക്ക് ഫയൽ